# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ 5

06.01.2014-ന് മറുപടി നൽകേണ്ടിയിരുന്നത്

## മലയാളഭാഷാ പരിജ്ഞാനം നിർബന്ധമാക്കാൻ നടപടി

ചോദ്യം

ശ്രീ. റ്റി. എൻ. പ്രതാപൻ
ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ജോലികൾക്കായി ഉദ്യോഗാർത്ഥികൾക്ക് മലയാള ഭാഷാ പരിജ്ഞാനം നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എല്ലാ എഴുത്ത് പരീക്ഷകൾക്കും ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള അവകാശം നിലനിർത്തിക്കൊണ്ട് ഒരു പേപ്പർ മലയാളത്തിൽ തന്നെ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് 07/02/2000-ൽ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 5/2000/ഉ.ഭ.പവ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമെ 19.10.2013-ലെ സ.ഉ(കയ്യെഴുത്ത്)നം. 29/2013/ഉ.ഭ.പ.വ പ്രകാരം ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള വ്യവസ്ഥകൾ നിലനിർത്തിക്കൊണ്ട്, പത്താം ക്ലാസ്സുവരെ അല്ലെങ്കിൽ പ്ലസ് ടു/ബിരുദതലത്തിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ എൻട്രി കേഡറിൽ പ്രൊബേഷൻ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിന് മലയാളം മിഷന്റെ കീഴിലുള്ള ഭാഷാ പഠനത്തിന്റെ ഭാഗമായ സീനിയർ ഹയർ ഡിപ്ലോമ പരീക്ഷയുടെ നിലവാരത്തിന് തുല്യമായ പരീക്ഷ വിജയിക്കേണ്ടതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട് |
| (ബി) | മലയാളഭാഷയിൽ പരിജ്ഞാനം ഇല്ലാത്ത ഉദ്യോഗാർത്ഥികൾക്ക് ഭാഷാ പരിജ്ഞാനം ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത്; വിശദാംശ ങ്ങൾ എന്തെല്ലാം; | (ബി) | ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന് കീഴിൽ വിവിധ മത്സര പരീക്ഷകൾക്ക് നൂനപക്ഷ വിദ്യാർത്ഥികൾക്ക് സൗജന്യമായി പരിശീലനം നൽകുന്ന കേരളത്തിലെ എല്ലാ ജില്ലകളിലുമായി പ്രവർത്തിക്കുന്ന പതിനാറ് മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് നൽകി വരുന്ന പരിശീലന പാഠ്യ പദ്ധതിയിൽ മലയാള ഭാഷാ പരിജ്ഞാനത്തിനുള്ള ക്ലാസ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഏതെല്ലാം വിഭാഗക്കാർ ക്കാണ് ഈ വ്യവസ്ഥ കളിൽ ഇളവ് വരുത്തി യിരിക്കുന്നത്; വിശദ മാക്കുമോ; | (സി) | 19.10.2013-ലെ സ.ഉ(കയ്യെഴുത്ത്)നം. 29/2013/ഉ.ഭ.പ.വ ഉത്തരവ് പ്രകാരം ന്യൂനപക്ഷഭാഷാ വിഭാഗങ്ങൾക്ക് ഇതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ നിലനിർത്തിയിട്ടുണ്ട്. മലയാളം മിഷന്റെ കീഴിലുള്ള മലയാളഭാഷാ പഠനത്തിന്റെ ഭാഗമായ സീനിയർ ഹയർ ഡിപ്ലോമ പരീക്ഷ ജയിച്ചവർക്കും ക്ലാസ്ഫോർ ജീവനക്കാർക്കും 19/10/2013-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച ഉദ്യോഗസ്ഥർക്കും എൻട്രി കേഡറിൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മലയാളം മിഷന്റെ കീഴിലുള്ള ഭാഷാ |

| | | | |
|---|---|---|---|
| | | | പഠനത്തിന്റെ ഭാഗമായ സീനിയർ ഹയർ ഡിപ്ലോമ പരീക്ഷയുടെ നിലവാരത്തിനു തുല്യമായ പരീക്ഷ വിജയിക്കണമെന്ന വ്യവസ്ഥ ബാധകമല്ല |
| (ഡി) | ബന്ധപ്പെട്ട സർവ്വീസ് ചട്ടങ്ങളിൽ ഇതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | നടപടി സ്വീകരിച്ചു വരുന്നു |

Rajani Antony

സെക്ഷൻ ഓഫീസർ